# ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ഇടുക്കി

സിവിൽ സ്റ്റേഷൻ ഇടുക്കി പൈനാവ് പി.ഒ. പിൻ. 685603

E-Mail.info@dtpcidukki.com ഫോൺ. 04862232248

നം.ഡി.റ്റി.പി.സി/എ1/153/2018 തീയതി: 02/02/2019.

## ക്വട്ടേഷൻ നോട്ടീസ്

ടൂറിസം വകുപ്പ് വാഗമണ്ണിന് സമീപം ഉള്ള പാരാഗ്ലൈഡിംഗ് പോയിന്റിൽ സ്വദേശി ദർശൻ പദ്ധതിയിൽ നിർമ്മിച്ചിട്ടുള്ള താഴെ വിവരിക്കുന്ന കെട്ടിടങ്ങൾ നിശ്ചയിക്കുന്ന വാടകയും സെക്യൂരിറ്റിയും മുൻകൂറായി അടച്ച് എഗ്രിമെന്റ് വയ്ക്കണമെന്ന വ്യവസ്ഥയോടെ നിശ്ചിത കാലത്തേയ്ക്ക് ഏറ്റെടുത്ത് നടത്തുന്നതിനുള്ള അവകാശം ലഭിക്കുന്നതിന് ഇടുക്കി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ വിവരം | ലീസ് കാലാവധി | കെട്ടിവയ്ക്കേണ്ട ഡെപ്പോസിറ്റ് തുക | കെട്ടിവയ്ക്കേണ്ട ഇ.എം.ഡി. തുക |
|---|---|---|---|---|
| 1. | **അമിനിറ്റി സെന്റർ**<br>ഏലപ്പാറ പഞ്ചായത്തിൽ വാഗമൺ പാരാഗ്ലൈഡിംഗ് പോയിന്റിൽ നിർമ്മിച്ചിട്ടുള്ള 90000 സ്ക്വയർഫീറ്റുള്ള ടൂറിസ്റ്റ് അമിനിറ്റി സെന്ററിനുള്ളിലെ താഴെ പറയുന്ന സൗകര്യങ്ങൾ<br>**എ. താഴത്തെ നില**<br>ക്യന്റീൻ -1, ഡൈനിംഗ് ഏരിയ -1<br>ഷോപ്പ്സ് (290 സ്ക്വയർഫീറ്റ് ഉള്ള കടമുറി -4<br>സ്റ്റോർ -1, റിസപ്ഷൻ ട്രെയിനിംഗ് റൂം -2,<br>ലേഡീസ് & ജന്റ്സ് ടൊയ്ലറ്റ്<br>**ബി. ഒന്നാമത്തെ നില,**<br>കോൺഫ്രൻസ് ഹാൾ,<br>എക്സിക്യുട്ടീവ് റൂം - 1<br>**സി. ഓപ്പൺ ടീയറ്റർ**<br>500 ആളുകൾക്ക് ഇരിക്കാൻ കഴിയുന്നത്,<br>ഗ്രീൻ റൂം, ഓഫീസ് റൂം | 3 വർഷം | രൂപ 2 ലക്ഷം/- | രൂപാ 5,000/- |
| 2. | **പാർക്കിംഗ് ഏരിയ**<br>7-എണ്ണം-12500 M2 | 1 വർഷം | രൂപ 50,000/- | രൂപാ 2500/- |
| | **സുവനീർ ഷോപ്പ്**<br>**ആകെ 7-എണ്ണം 339 Sft./each** | | | |
| 3. | സുവനീർ ഷോപ്പ് ക്രമ നമ്പർ 1,4,7 (മൂന്ന് എണ്ണം) | 2 വർഷം | രൂപ 60,000/- | രൂപാ 5000/- |
| 4. | സുവനീർ ഷോപ്പ് ക്രമ നമ്പർ - 2 & 5 (രണ്ട് എണ്ണം) | 2 വർഷം | രൂപ 40,000/- | രൂപാ 5000/- |
| 5. | സുവനീർ ഷോപ്പ് ക്രമ നമ്പർ - 3 & 6 (രണ്ട് എണ്ണം) | 2 വർഷം | രൂപ 40,000/- | രൂപാ 5000/- |

| | | | |
|---|---|---|---|
| 6. <u>എക്കോ ടെൻഡുകൾക്കുള്ള ഫൗണ്ടേഷൻ</u><br>35- എണ്ണം 97 Sft./each<br>ടെൻഡ് അക്കോമഡേഷൻ<br>ഏറ്റെടുത്ത് നടത്തുന്നതിന് | 1 വർഷം | രൂപ 1 ലക്ഷം/- | രൂപാ 5000/- |
| 7. ഫുഡ്പ്ലാസ (ടൊയ്‌ലറ്റ്, കിച്ചൻ etc)<br>2 എണ്ണം 1033 Sft./each | 2 വർഷം | രൂപ 50,000/- | രൂപാ 500/- |

## നിബന്ധനകൾ.

1. സീൽ ചെയ്ത ക്വട്ടേഷനോടൊപ്പം ഡി.റ്റി.പി.സി സെക്രട്ടറി പേരിൽ എസ്.ബി.റ്റി. ഇടുക്കി ബ്രാഞ്ചിൽ മാറാവുന്ന മുകളിൽ സൂചിപ്പിച്ച പ്രകാരമുള്ള ഇ.എം.ഡി തുകയുടെ ഡി.ഡി. ചേർത്തിരിക്കേണ്ടതാണ്.
2. ഓരോ കെട്ടിടത്തിനും ക്വട്ടേഷനിലെ കാലാവധിയിലേയ്ക്ക് നൽകാൻ തയ്യാറുള്ള വാടകയാണ് ക്വട്ടേഷനിൽ ചേർക്കേണ്ടത്.
3. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിന്റെ പുറത്ത് ഏത് കെട്ടിടത്തിനുള്ളതെന്ന് ക്രമ നമ്പർ സഹിതം ചേർത്തിരിക്കേണ്ടതാണ്. ഓരോ കെട്ടിടത്തിനും പ്രത്യേകം ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടതാണ്.
4. ക്വട്ടേഷൻ 11.02.2019 ഉച്ചക്ക് ശേഷം 3 മണി വരെ ഇടുക്കി സിവിൽ സ്റ്റേഷനിൽ ഉള്ള ഡി.റ്റി.പി.സി ആഫീസിൽ നേരിട്ടോ തപാൽ മുഖേനയോ സ്വീകരിക്കുന്നതാണ്.
5. ക്വട്ടേഷനുകൾ 12.02.2019 രാവിലെ 11.30-ന് ഹാജരാകുന്ന ടെൻഡർമാരുടെ സാന്നിദ്ധ്യത്തിൽ ചെയർമാൻ കൂടിയായ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയ ആളുടെ പേരിൽ ക്വട്ടേഷൻ താൽകാലികമായി ഉറപ്പിക്കുന്നതും ടിയാൻ ക്വട്ടേഷൻ തുകയുടെ മൂന്നിൽ ഒന്ന് ഭാഗം അപ്പോൾ തന്നെ അടക്കേണ്ടതുമാണ്. ക്വട്ടേഷൻ സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിക്കുന്ന മുറക്ക് സമയ പരിധിക്കുള്ളിൽ ബാക്കി വാടകയും സെക്യൂരിറ്റി തുകയും അടച്ച് എഗ്രിമെന്റ് വയ്ക്കേണ്ടതുമാണ്.
6. എഗ്രീമെന്റുകൾ ബന്ധപ്പെട്ട സബ് രജിസ്ട്രാർ ആഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.
7. ക്വട്ടേഷൻ സമർപ്പിക്കുന്ന എല്ലാവരും നിർബന്ധമായും ക്വട്ടേഷൻ തുറക്കുന്ന സമയം ഹാജരാകേണ്ടതാണ്. ഹാജരാകാത്ത പക്ഷം ഇ.എം.ഡി തുക നഷ്ടപ്പെടുന്നതാണ്.

മേൽ വിവരിച്ചവ കൂടാതെ ക്വട്ടേഷൻ സംബന്ധിച്ച പൊതു നിബന്ധനകൾ എല്ലാം ഇതിനും ബാധകമായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് ഡി.റ്റി.പി.സി ആഫീസുമായി ബന്ധപ്പെടുക

ഫോൺ. 04862 232248

DISTRICT TOURISM PROMOTION COUNCIL
PAINAVU P.O.
Pin - 685 603.
IDUKKI

സെക്രട്ടറി
ഡി.റ്റി.പി.സി, ഇടുക്കി.